# പതിനാലാം കേരള നിയമസഭ
## (ഏഴാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1323** **10.08.2017-ൽ മറുപടിയ്ക്ക്**

## പൊതുജലാശയങ്ങൾ മൽസ്യകൃഷിക്ക് പാട്ടത്തിന് നൽകാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) പുതിയ ഫിഷറീസ് നയം രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | എ) യും ബി) യും ഫിഷറീസ് പോളിസി 2016 ന്റെ രൂപീകരണത്തിനായി പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായും ഫിഷറീസ് ഡയറക്ടർ വൈസ്ചെയർമാനായും ഫിഷറീസ് അഡീഷണൽ ഡയറക്ടർ കൺവീനറായും ഒരു കമ്മിറ്റി 30.09.2016 ലെ സ.ഉ.(സാ.ധാ.) നം. 648/16/മ.തു.വ പ്രകാരം രൂപീകരിക്കുകയു ണ്ടായി. പ്രസ്തുത കമ്മിറ്റിയിൽ ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ കൂടാതെ സി.എം.എഫ്.ആർ.ഐ, സി.ഐ.എഫ്.ടി, സി.ഐ.ബി.എ., എം.പി.ഇ.ഡി.എ എന്നിവയിലെ ഉദ്യോഗസ്ഥരും ട്രേഡ് യൂണിയൻ പ്രതിനിധികളും ഉൾപ്പെടുന്നു. കമ്മിറ്റിയുടെ ആദ്യയോഗം 15.11.2016നും. രണ്ടാമത്തെ യോഗം 15.12.2016നും. ചേരുകയുണ്ടായി. ഫിഷറീസ് പോളിസി രൂപീകരണത്തിനുള്ള നടപടി ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നു. |
| ബി) ഈ നയത്തിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ വ്യക്തമാക്കുമോ; | |
| സി) പൊതുജലാശയങ്ങൾ മൽസ്യകൃഷിക്ക് പാട്ടത്തിന് എടുക്കാൻ ആലോചനയുണ്ടോ; എത്ര വർഷത്തേയ്ക്കാണ് ജലാശയങ്ങൾ പാട്ടത്തിനു എടുക്കുക എന്നും ആയതിന് നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | സി) 11/01/1995-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 17/1995/മഉവ പ്രകാരം പൊതുജലാശയങ്ങൾ പാട്ടത്തിന് നല്കാം. പ്രസ്തുത ഉത്തരവ് പ്രകാരം വ്യക്തികൾക്ക് 5 വർഷം വരെയും സഹകരണ സംഘങ്ങൾക്കും സർക്കാർ ഏജൻസികൾക്കും 10 വർഷം വരെയും പൊതുജലാശയങ്ങൾ പാട്ടത്തിന് നല്കാവുന്നതാണ്. ഇപ്രകാരം പാട്ടത്തിന് നല്കുന്നതിന് മുൻഗണനാർഹതയുളളവർക്കും സഹകരണ സ്ഥാപനങ്ങൾക്കും ഹെക്ടറിന് പ്രതിവർഷം 100/- രൂപയും, ചെറുകിട സൂക്ഷ്മതല സംരംഭകർ, സംയുക്ത സംരംഭങ്ങൾ എന്നിവയ്ക്ക് ഹെക്ടറിന് പ്രതിവർഷം 150/- രൂപയുമാണ് പാട്ട നിരക്ക് നിശ്ചയിച്ചിരിക്കുന്നത്.<br>പൊതുജലാശയങ്ങൾ പാട്ടത്തിനെടുക്കുന്നതിനുള്ള ലീസിംഗ് പോളിസി പുതുതായി രൂപീകരിക്കുന്ന ഫിഷറീസ് പോളിസിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ഡി) | ഓരുജല മൽസ്യകൃഷിയുടെയും ശുദ്ധജല മൽസ്യകൃഷിയുടെയും വിളവെടുപ്പ് ഇരട്ടിയാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | ഡി) | ഓരുജലമത്സ്യകൃഷിയിലൂടെയും ശുദ്ധജല മത്സ്യകൃഷിയിലൂടെയുമുള്ള ഉല്പാദനം നിലവിലുള്ളതിന്റെ ഇരട്ടിയാക്കുന്നതിന് **വേണ്ടി** സർക്കാർ ജനകീയ മത്സ്യകൃഷി രണ്ടാം ഘട്ടം എന്ന പദ്ധതി ആവിഷ്ക്കരിച്ച് 2017-18 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു ണ്ട്. |

**സെക്ഷൻ ആഫീസർ**